**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1892** **09-12-2022 - ൽ മറുപടിയ്ക്ക്**

**കൃഷിശ്രീ സെന്ററുകളുടെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശാസ്ത്രീയ കൃഷി മുറകൾ പ്രോൽസാഹിപ്പിച്ചു കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ടതും സുസ്ഥിരവുമായ വരുമാനം ഉറപ്പുവരുത്തുന്നതിന് നിലവിലെ വിളയധിഷ്ഠിത കൃഷി സമ്പ്രദായത്തിന് പകരം കൃഷിയിടാധിഷ്ഠിത വികസന പദ്ധതികൾ നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കൃഷിയിടാധിഷ്ഠിത വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി ആകെ 3350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു കൃഷി ഭവനിൽ 10 എന്ന തോതിൽ 10760 വിളയിടാധിഷ്ഠിത പ്ലോട്ടുകൾ സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 1000 എണ്ണം IFS പ്ലോട്ടുകളും 9760 എണ്ണം non IFS പ്ലോട്ടുകളുമാണ്.<br><br>സംസ്ഥാനത്ത് ഒട്ടാകെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിയ്ക്കായി നാളിതുവരെ 12930 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിലൂടെ 3182 (394 IFS ഉം 2788 non IFS ഉം) കർഷകരെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. 239 കൃഷിയിടാധിഷ്ഠിത പ്ലാനുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം ദ്രുതഗതിയിലാക്കുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് വിദഗ്ധ കാർഷിക തൊഴിലാളികളുടെ അഭാവമാണെന്നതിനാൽ തൊഴിൽസേന രൂപീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; | (ബി) | വിദഗ്ധ കാർഷിക തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി നിലവിൽ പഞ്ചായത്ത് തലത്തിൽ കാർഷിക കർമ്മസേനകളും, ബ്ലോക്ക് തലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും/ കൃഷിശ്രീ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. കാർഷിക പ്രവർത്തനങ്ങളിൽ യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതോടൊപ്പം കാർഷിക മേഖലയ്ക്ക് ആവശ്യമായ വിവിധ സേവനങ്ങളും ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്തെ കൃഷികൾക്കും കൃഷിയിടങ്ങൾക്കും അനുയോജ്യമായ ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം വ്യാപകമാക്കുന്നതിന് കൃഷിശ്രീ സെന്ററുകൾ | (സി) | സംസ്ഥാനത്ത് 2022-23 വർഷത്തിൽ വയനാട് ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലുമായി 20 കൃഷിശ്രീ സെന്ററുകൾ/ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ